# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3685 11.12.2018 -ലെ മറുപടിയ്ക്ക്

**പെഡഗോഗിക്കൽ സയൻസിൽ അസിസ്റ്റന്റ് പ്രൊഫസറുടെ നിയമനം**

*ചോദ്യം*

ശ്രീ.വി.ടി.ബൽറാം
,, ഹൈബി ഈഡൻ
,, എൽദോസ് പി. കുന്നപ്പിള്ളിൽ
,, എ.പി. അനിൽ കുമാർ

*ഉത്തരം*

**ശ്രീ.കെ.ടി.ജലീൽ**
**(ഉന്നതവിദ്യാഭ്യാസവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )**

| | | | |
|---|---|---|---|
| (എ) | കണ്ണൂർ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസിൽ അസിസ്റ്റന്റ് പ്രൊഫസറായുള്ള തലശ്ശേരി എം.എൽ.എ.യുടെ ഭാര്യയുടെ നിയമനം കേരള ഹൈക്കോടതി റദ്ദാക്കിയിരുന്നോ; | (എ) | റദ്ദാക്കിയിരുന്നു. |
| (ബി) | ഒന്നാം റാങ്കുകാരിയെ തഴഞ്ഞാണ് എം.എൽ.എ.യുടെ ഭാര്യയ്ക്ക് നിയമനം നൽകിയതെന്ന് കോടതി കണ്ടെത്തിയിരുന്നോ; | (ബി) | ഒന്നാം റാങ്കുകാരിയെ തഴഞ്ഞാണ് നിയമനം നൽകിയതെന്ന് കോടതി വിലയിരുത്തിയിട്ടില്ല. സയൻസ് എഡ്യൂക്കേഷനിൽ ഒരു പോസ്റ്റ് മാത്രമേയുള്ളൂ എന്ന കാരണത്താൽ സിംഗിൾ പോസ്റ്റിൽ റിസർവേഷൻ ബാധകമല്ല എന്ന നിയമം പാലിക്കണമെന്നുള്ളതുകൊണ്ട് ഒന്നാം റാങ്കുകാരിയെ നിയമിക്കാൻ ഉത്തരവ് നൽകുകയാണ് ഉണ്ടായത്. |

........2

| | | | |
|---|---|---|---|
| (സി) | എം.എൽ.എ.യുടെ ഭാര്യക്ക് ചട്ടങ്ങളും നിയമങ്ങളും പാലിക്കാതെ നൽകിയ നിയമനം സ്വജനപക്ഷപാതമാണെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ആക്ഷേപം ശ്രദ്ധയിൽപെടുകയും ഇത് സംബന്ധിച്ച് സർവ്വകലാശാല പത്രക്കുറിപ്പ് ഇറക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ മറ്റെല്ലാ പഠന വകുപ്പുകളിലും ഇതുവരെയും നിലവിൽ ചെയ്തുപോവുന്ന രീതിയിൽ ഒരു തവണ ഓപ്പൺ മെറിറ്റിൽ നിയമനം നൽകിയാൽ അടുത്തതവണ റിസർവേഷൻ വിഭാഗത്തിൽ നിന്ന് നിയമനം നൽകുന്ന രീതിയിൽ തന്നെയാണ് എം.എൽ.എ.യുടെ ഭാര്യയ്ക്കും നിയമനം നൽകിയത്. |
| (ഡി) | പ്രസ്തുത നിയമനം നിയമവിരുദ്ധമാണെന്ന് ഹൈക്കോടതി കണ്ടെത്തിയിട്ടുണ്ടോ;എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | പ്രസ്തുത നിയമനം നിയമവിരുദ്ധമാണെന്ന് ഹൈക്കോടതി കണ്ടെത്തിയിട്ടില്ല. ഒരു പോസ്റ്റിൽ മാത്രം നിയമനം നൽകുമ്പോൾ അത് സിംഗിൾ പോസ്റ്റായി മാത്രമേ കരുതുവാൻ സാധിക്കുകയുള്ളൂ എന്നും അത്തരം നിയമനങ്ങളിൽ റിസർവേഷൻ സാധ്യമല്ല എന്നുള്ളത് ചൂണ്ടിക്കാണിച്ച് ഒന്നാം റാങ്കുകാരിക്ക് നിയമനം നൽകുന്നതിനും ഭാവിയിലുള്ള നിയമനങ്ങൾ വകുപ്പ് തിരിച്ച് നടത്തണമെന്നുമാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ